LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് പുറത്ത് കാരുണ്യ ചികിത്സ സഹായ പദ്ധതി

172 (517) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സ സഹായ പദ്ധതിയിൽ സംസ്ഥാനത്തിന് പുറത്ത് മംഗലാപുരം അടക്കമുള്ള സ്ഥലത്തെ ആശുപത്രികൾ ഉൾപ്പെടുത്തുന്നതിന് തീരുമാനമായിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നുമുതൽ നടപ്പിലാക്കുമെന്നും, ഏതൊക്കെ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) തീരുമാനമായിട്ടില്ല.

(ബി) ബാധകമല്ല.

കട്ടനാട്ടിലെ റോഡുകൾക്ക് സാമ്പത്തികാനുമതി

173 (518) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുട്ടനാട്ടിലെ കണ്ടങ്കരി-നെടുമുടി-ഉമ്പിക്കാട്ട് വരമ്പിനകം-വെള്ളമത്ര വേണാട്ടുകാട്-കായൽപുറം-കണ്ണാടി റോഡ് (ch5/400-9/580) പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

ടി വിഷയം ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും പ്രസ്തുത പ്രവൃത്തിക്കായി 25 കോടി രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനുള്ള ധനകാര്യവകുപ്പിന്റെ അംഗീകാരം 30-3-2015-ലെ അനുദ്യോഗിക കുറിപ്പ് നമ്പർ 13841/ഇൻഡ്&പി.ഡബ്ല്യു-ബി1/15/ധന പ്രകാരം പൊതുമരാമത്ത് വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

അധിക വിഭവ സമാഹരണം

174 (519) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ബഡ്ജറ്റ് വഴിയും ജനങ്ങളിൽനിന്നും അധിക വിഭവ സമാഹരണം നടത്താൻ തീരുമാനിച്ച തുക എത്ര കോടിരൂപ വീതമായിരുന്നു ; അതുവഴി ഓരോ വർഷവും അധികമായി സമാഹരിച്ച തുക എത്ര കോടിരൂപ വീതം ; വിശദമാക്കാമോ ;

(ബി) ബഡ്ജറ്റ് വഴിയല്ലാതെ അധിക വിഭവ സമാഹരണം നടത്തിയ ഘട്ടങ്ങൾ ഏതൊക്കെയായിരുന്നു ; ഓരോ ഘട്ടത്തിലും ബഡ്ജറ്റിന് പുറത്തുള്ള അധികവിഭവ സമാഹരണ ലക്ഷ്യം എത്ര കോടി രൂപയായിരുന്നു; ലക്ഷ്യമനുസരിച്ച് യഥാർത്ഥത്തിൽ സമാഹരിച്ച തുക ഓരോ വർഷവും എത്ര; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ)

വർഷം	പ്രഖ്യാപിച്ച അധിക നികുതി	അധിക നികുതികൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ്
2011-12	753.41 കോടി	3996.91 കോടി
2012-13	1512.05 "	4358.01 "
2013-14	1138.33 "	1918.41 "
2014-15	1556.35 "	3237.55 കോടി (അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്ക്)

(ബി) 2014-15 സാമ്പത്തിക വർഷം ഓർഡിനൻസിലൂടെയും എക്സിക്യൂട്ടീവ് ഉത്തരവിലൂടെയും നികുതി നികുതിയേതര ഇനങ്ങളിൽ വർദ്ധനവ് വരുത്തി അധിക വിഭവ സമാഹരണത്തിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. നികുതി നിരക്കുകളിലെ വർദ്ധനവിലൂടെ പ്രതിവർഷം 2207 കോടി രൂപയും നികുതിയേതര ഇനങ്ങളിലെ വർദ്ധനവ് മുഖേന പ്രതിവർഷം ഏകദേശം 350 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ മാത്രമാണ് ടി നിരക്കുകൾ പ്രാബല്യത്തിൽ വന്നത് എന്നതിനാൽ ലക്ഷ്യമനുസരിച്ച് സമാഹരിച്ച തുക സംബന്ധിച്ച വിവരം 2015-16 സാമ്പത്തിക വർഷത്തെ കണക്കുകളിൽ മാത്രമേ യഥാർത്ഥത്തിൽ പ്രതിഫലിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly